പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3747

17.12.2015-ൽ മറുപടിയ്ക്ക്

## വാഹനാപകടങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. പി. എ. മാധവൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. എം. പി. വിൻസെന്റ് | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും<br>വകുപ്പ് മന്ത്രി) |
| (എ) വാഹനാപകടങ്ങൾ പോലീസിൽ റിപ്പോർട്ട് ചെയ്യുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (എ) വാഹനാപകടങ്ങളും മറ്റും പോലീസിൽ റിപ്പോർട്ട് ചെയ്യുന്നതിനായി ടോൾ ഫ്രീ നമ്പരായ '100', '1090' എന്നീ നമ്പരുകൾ നിലവിലുണ്ട്. കൂടാതെ ഹൈവേ അലർട്ട് നമ്പരായ '9846100100' എന്ന നമ്പരിലും അപകട വിവരങ്ങൾ വിളിച്ച് അറിയിക്കാവുന്നതാണ്. ഇതിനു പുറമേ തൊട്ടടുത്ത പോലീസ് സ്റ്റേഷനുകളിലും ഇക്കാര്യം അറിയിക്കുവാൻ സംവിധാനം നിലവിലുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) അപകടം നടന്നാൽ, അപകടത്തിൽപ്പെട്ടവരെ വളരെ വേഗം ആശുപത്രിയിൽ എത്തിക്കുന്നതിനും, മറ്റ് രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, നിയമ നടപടികൾ സ്വീകരിക്കുന്നതിനും വേണ്ടിയാണ് ഇത്തരത്തിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ ? | (സി) | അപകടം ഉണ്ടായാൽ പോലീസിനെ അറിയിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള ടോൾ ഫ്രീ നമ്പരുകളെ സംബന്ധിച്ചുമുള്ള വിവരങ്ങൾ, പൊതുജനങ്ങൾ കാണത്തക്കവിധത്തിൽ റോഡുകളിലും ഹൈവേകളിലും പ്രധാനപ്പെട്ട ജംഗ്ഷനുകളിലും മറ്റും ബോർഡുകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ ഈ പദ്ധതികളെകുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി ക്ലാസുകളും സംഘടിപ്പിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ